(ബി) ഈ സർക്കാർ നിയമിച്ച ഏതെല്ലാം കലാസാംസ്കാരിക സ്ഥാപനങ്ങളുടെ തലവൻമാർ കാലാവധി പൂർത്തിയാക്കാതെ രാജിവച്ചു എന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) കലാസാംസ്കാരിക അക്കാദമികളിൽനിന്നും ഈ കാലയളവിൽ എത്ര പേർക്ക് വിദേശയാത്ര നടത്തുന്നതിന് സർക്കാർ പണം ചെലവഴിച്ചു എന്നും എത്ര പേർക്ക്, എന്ത് തുക വീതമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരുന്ന പ്രൊഫ. എം. തോമസ് മാത്യുവും ചലച്ചിത്ര അക്കാദമി ചെയർമാനായിരുന്ന ശ്രീ. അടൂർ ഗോപാലകൃഷ്ണനും തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെ ചെയർമാൻ ഡോ. എം. എം. ബഷീറും കാലാവധി പൂർത്തിയാക്കാതെ രാജിവച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ഡെപ്യൂട്ടി ഡയറക്ടർ 2003 ഒക്ടോബറിൽ വിദേശയാത്ര ചെയ്തിട്ടുണ്ട്. ഇതിലേയ്ക്ക് അക്കാദമി 51,530 രൂപ ചെലവഴിച്ചിട്ടുണ്ട്. കലാമണ്ഡലത്തിന്റെ മുൻ സെക്രട്ടറി ശ്രീ. കൽപ്പറ്റ ബാലകൃഷ്ണൻ മസ്കറ്റിൽ കലാമണ്ഡലത്തിന്റെ ഒരു സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷന് വിദേശ സന്ദർശനം നടത്തിയിട്ടുണ്ട്. ഇതു സർക്കാർ ചെലവിലല്ല.

നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി

107 [388] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നാളികേര കൃഷിയുമായി ബന്ധപ്പെട്ട ഏതൊക്കെ സ്വയംഭരണ സ്ഥാപനങ്ങളാണ് നിലവിലുള്ളത്;

(സി) അവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കോക്കനട്ട് മിഷൻ സ്ഥാപിക്കൽ നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കൽ എന്നിവയുടെ പുരോഗതി അറിയിക്കുമോ;

(ഇ) പ്രായംചെന്നതും ഉല്പാദനക്ഷമതയില്ലാത്തതുമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പകരം പുതിയവ നട്ടുവളർത്തുവാനുള്ള പദ്ധതി നടപ്പാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ കാറ്റുവീഴ്ച രോഗബാധ, മണ്ഡരി കീടബാധ എന്നിവ പരിഹരിക്കുന്നതിനായി, വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാളികേര ബോർഡിന്റെ സഹായത്തോടെ, കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് തെങ്ങൊന്നിന് 250 രൂപ ധനസഹായം നൽകിവരുന്നു. ടെക്നോളജി മിഷന്റെ ഭാഗമായി കാറ്റുവീഴ്ച രോഗം വ്യാപിക്കുന്നത് തടയുന്നതിന് തിരുവനന്തപുരം, തൃശ്ശൂർ എന്നീ അതിർത്തി ജില്ലകളിലെ മുഴുവൻ തെങ്ങുകളും മുറിച്ചു മാറ്റി പുതിയവ വച്ചുപിടിപ്പിക്കുന്നതിനുള്ള (തെങ്ങൊന്നിന് 250 രൂപ ധനസഹായത്തോടെ) പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന നാളികേര വികസന പദ്ധതിപ്രകാരം തൃശ്ശൂരിന് വടക്കുള്ള ജില്ലകളിൽ കാറ്റുവീഴ്ച രോഗം കണ്ടാലുടൻ തെങ്ങ് വെട്ടി മാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണറുകളും പമ്പുസെറ്റുകളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക, ജൈവവളവും വിത്തും വിതരണം ചെയ്യുക, സംയോജിത വളപ്രയോഗ രീതി അവലംബിക്കുക, നല്ലയിനം തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുക, ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുക, മണ്ഡരി രോഗത്തിന് മരുന്നു തളിക്കുക എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) കേര കൃഷിയുമായി ബന്ധപ്പെട്ട് കേര കർഷക (സഹകരണ) ഫെഡറേഷൻ (കേര ഫെഡ്) സംസ്ഥാന സർക്കാരിന്റെകീഴിലും കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് കേന്ദ്രസർക്കാരിന്റെകീഴിലും പ്രവർത്തിക്കുന്നു. കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് നാളികേര വികസനത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുപുറമേ ഗവേഷണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, വിപണനം എന്നീ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു.

(സി) കേരഫെഡ് നാളികേര കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു. കേരഫെഡ് കേരളത്തിലെ കേര കർഷകർ ഉൽപ്പാദിപ്പിക്കുന്ന കൊപ്ര അംഗസംഘങ്ങൾ മുഖാന്തിരം ഓപ്പൺ മാർക്കറ്റിൽ നിന്നു നേരിട്ടു വാങ്ങി സ്വന്തം ഫാക്ടറിയിൽ ആട്ടി എണ്ണയാക്കി 'കേര' എന്ന പേരിൽ മാർക്കറ്റിൽ വിറ്റുവരുന്നു. കൂടാതെ വെളിച്ചെണ്ണയെ ആധാരമാക്കി 'കേരകേശ്' എന്ന ആയുർവേദ കേശ തൈലത്തിന്റെ ഉൽപ്പാദനവും, കേരബ്രാന്റിലുള്ള തീയൽകൂട്ടും, ചമ്മന്തിപ്പൊടിയും അംഗസംഘംവഴി ഉൽപ്പാദിപ്പിച്ച് കേരഫെഡ് വിപണനം നടത്തിവരുന്നു.

(ഡി) കോക്കനട്ടു ടെക്നോളജി മിഷൻ 2002-2003-ൽ ആരംഭിച്ചു. 5 വർഷമാണ് പദ്ധതിയുടെ കാലാവധി. നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിച്ചിട്ടില്ല. ഇതിനു കേന്ദ്ര സർക്കാർ തീരുമാനം ആവശ്യമാണ്.

(ഇ) കാറ്റുവീഴ്ച ബാധിച്ച ഉൽപ്പാദനം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ ശക്തിയുള്ള തൈകൾ വച്ചുപിടിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.